ഇൻലാൻഡു വാട്ടർ ട്രാൻസ്പോർട്ട കമ്മിറ്റി

* 217 [773] ശ്രീ. ഇ. ബാലാനന്ദൻ :
,, ഇ. പി. കൃഷ്ണൻനമ്പ്യാർ:
,, സി. ബി. ചന്ദ്രശേഖരവാര്യർ:
,, എ. പി. കുര്യൻ :
,, ടി. കെ. രാമകൃഷ്ണൻ :
,, സി. ഗോവിന്ദപ്പണിക്കർ :
,, ടി. എം. മീതിയൻ :
,, എ. വി. ആര്യൻ:
,, ടി. കെ. കൃഷ്ണൻ:
,, എസ്. ദാമോദരൻ :

} താഴെകാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻലാൻറു വാട്ടർ ട്രാൻസ്പോർട്ട കമ്മിറ്റി ഈയിടെ കേരളത്തിൽ വന്നപ്പോൾ കേരളാ ഗവണ്മെൻറു് ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായോ ;

(ബി) പ്രസ്തുത മെമ്മോറാണ്ടത്തിൽ ഉന്നയിച്ചിരിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണു്;

(സി) ഏതെല്ലാം പ്രദേശങ്ങൾ പ്രസ്തുത കമ്മിറ്റി സന്ദർശിക്കുകയുണ്ടായി ;

(ഡി) എഫ്. എ. സി. ടി., കൊച്ചിൻ പ്രൊജക്റ്റു്, ഓയിൽ റിഫൈനറി, ടൈറ്റാനിയം കോംപ്ലക്സു് എന്നീ വ്യവസായങ്ങളുടെ മേഖലയിൽ നിന്നും എറണാകുളത്തേക്കു ജലഗതാഗതപദ്ധതി പ്രസ്തുത കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ജലസേചനവും സഹകരണവും മന്ത്രി (ശ്രീ. പി. രാമുണ്ണിക്കുറുപ്പു്):

(എ) സമർപ്പിക്കുകയുണ്ടായി.

(ബി) ഒരു ദീർഘകാലപദ്ധതിയനുസരിച്ചു് മൊത്തം 26.6 കോടി രൂപയുടെ ജലഗതാഗത വികസനപദ്ധതികൾ നടപ്പിലാക്കാൻ കേന്ദ്ര ഗവണ്മെൻറു ധനസഹായം നടത്തേണ്ടതാണു്. കൊച്ചി തുറമുഖത്തുനിന്നും കൊച്ചി പ്രദേശത്തിലെ വ്യാവസായിക മേഖലയിലേക്കുള്ള ജലഗതാഗത പദ്ധതികൾ, വടകര–മാഹി കനാൽ, കോഴിക്കോടു ജില്ലയിൽ ബേപ്പൂരിനടുത്തു് ഉദ്ദേശിച്ചിട്ടുള്ള ഇരുമ്പയിരു് വ്യവസായത്തിൻെറ ആവശ്യത്തിലേക്കുള്ള ജലഗതാഗത മാർഗ്ഗങ്ങൾ, കൊല്ലത്തു് നീണ്ടകര തുറമുഖത്തിനു ചുറ്റുമുള്ള ജലമാർഗ്ഗങ്ങൾ തുടങ്ങിയവ പ്രധാനമായും ഈ പദ്ധതിയിലുൾപ്പെടുന്നു.

(സി) തിരുവനന്തപുരം വള്ളക്കടവു് ടി. എസ്. കനാൽ 7-ാം മൈൽ, അഞ്ചുതെങ്ങു് വക്കലത്തുരുപ്പു്, കൊല്ലത്തും ആലപ്പുഴയിലുമുള്ള ജലഗതാഗത മാർഗ്ഗങ്ങൾ, വേമ്പനാട്ടുകായൽ, കൊച്ചി തുറമുഖത്തുനിന്നും കൊച്ചി പ്രദേശത്തുള്ള വ്യാവസായിക മേഖലയിലേക്കു് വേണ്ട ജലഗതാഗത പദ്ധതി ഇവയാണു് കമ്മിറ്റി സന്ദർശിച്ച പ്രധാന സ്ഥലങ്ങൾ.

(ഡി) ഈ പദ്ധതിയുടെ പ്രാധാന്യം കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടു്. കമ്മിറ്റി പദ്ധതി അംഗീകരിച്ചിട്ടുണ്ടോ എന്നുള്ള കാര്യം കമ്മിറ്റിയുടെ റിപ്പോർട്ട വെളിപ്പെടുത്തുമ്പോൾ മാത്രമേ അറിയാവൂ.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ബാലാനന്ദൻ : കമ്മിറ്റിയുടെ മുമ്പാകെ സമർപ്പിച്ചിട്ടുള്ള ഈ പദ്ധതിക്കു് വിപുലമായ പ്രചരണം നടത്തി അതിനു് അംഗീകാരം നേടുന്നതിനുവേണ്ടി ഈ കമ്മിറ്റിയുടെയും കേന്ദ്ര ഗവണ്മെൻറിൻെറയും ആനുകൂല്യം നേടാൻ ശ്രമിക്കുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : ഈ കമ്മിറ്റി ഒരു ചോദ്യാവലി തന്നിരുന്നു. അതിനുള്ള മറുപടി ഗവണ്മെൻറു കൊടുത്തു. അതിലാണു് ഈ പദ്ധതിയുടെ മുഴുവൻ വിവരവും ഉള്ളതു്. അതിനുശേഷം ഇതെല്ലാം ക്രോഡീകരിച്ചുള്ള ഒരു മെമ്മോറാണ്ടവുംകൂടി കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടു്. കൂടുതൽ പ്രചരണം ആവശ്യമാണെങ്കിൽ ചെയ്യാം.

ശ്രീ. എ. പി. കുര്യൻ : നമ്മുടെ സംസ്ഥാനത്തു് സെൻട്രൽ സെക്ടറിൽ ഉൾപ്പെട്ട നിരവധി ജലഗതാഗത പദ്ധതികളും കേന്ദ്ര ഗവണ്മെൻറിൻെറ അനുമതി കിട്ടാത്തതുകൊണ്ടു് പണി ആരംഭിക്കാതെ കിടക്കുന്നതു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം മുടങ്ങിക്കിടക്കുന്ന പണികളും ആരംഭിക്കാൻ വേണ്ടി ഈ പദ്ധതികളെ സംബന്ധിച്ച വിവരം കമ്മിറ്റിയുടെ മുൻപാകെ കൊണ്ടുവന്നിട്ടുണ്ടോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : മുടങ്ങിക്കിടക്കുന്നതു് കേന്ദ്ര ഗവണ്മെൻറിൻെറ അനുവാദം കിട്ടാത്തതുകൊണ്ടല്ല. സെൻട്രൽ സെക്ടറിലുള്ള പ്രവൃത്തികളെല്ലാം കേന്ദ്ര ഗവണ്മെൻറിൻെറ അനുവാദം കിട്ടിയേ തുടങ്ങാൻ കഴിയൂ. എന്നാൽ ഒരു പുതിയ പദ്ധതിയുടെ ചിത്രം മുന്നിൽ വച്ചിട്ടുണ്ടു്. അതിനുവേണ്ടി ഗവണ്മെൻറു നടപടി എടുത്തുകൊണ്ടിരിക്കുകയാണു്.

ശ്രീ. എ. പി. കുര്യൻ : നമ്മുടെ സംസ്ഥാനത്തു് കേന്ദ്ര ഗവണ്മെൻറിൻെറ അനുമതി കിട്ടാതെ സംസ്ഥാന ബഡ്ജറിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതായ എത്ര കോടി രൂപയുടെ പദ്ധതികളും വരുമെന്നു പറയാമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : 26 കോടി രൂപയുടെ ജലഗതാഗത പദ്ധതി കൾക്കുവേണ്ടിയാണു് റിപ്പോർട്ടു സമർപ്പിച്ചിട്ടുള്ളതു്.

ശ്രീ. എ. പി. കുര്യൻ : എൻെറ ചോദ്യം സംസ്ഥാന ബഡ്ജറിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതും പല വർഷങ്ങളായി തുടർന്നുവരുന്നതും എന്നാൽ ഇതുവരെയും കേന്ദ്ര ഗവണ്മെൻറിൻെറ അനുമതി കിട്ടാത്തതുമൂലം പണി ആരംഭിക്കുവാൻ കഴിയാതെ മുടങ്ങിക്കിടക്കുന്നതുമായ എത്ര പദ്ധതികളുണ്ടെന്നാണു്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : നോട്ടീസു് വേണം.

ശ്രീ. എ. പി. കുര്യൻ : ഇങ്ങനെയുള്ള പദ്ധതികൾക്കു് കേന്ദ്ര ഗവണ്മെൻറിൻെറ അനുമതി വാങ്ങിക്കാൻ എന്തു നടപടിയാണു് സംസ്ഥാന ഗവണ്മെൻറു സ്വീകരിച്ചിട്ടുള്ളതു് ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : പരിശോധിച്ചു് വേണ്ട നടപടിയെടുക്കാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : (ഡി) യുടെ ഉത്തരമായി പറഞ്ഞിരിക്കുന്നതു് എറണാകുളത്തുനിന്നു് വ്യാവസായികമേഖലയിലേക്കുള്ള ജലഗതാഗത പദ്ധതി കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടോ, ഇല്ലയോ എന്നുള്ളതിനെപ്പറ്റി നിശ്ചയമില്ലെന്നാണു്. ആ പദ്ധതി തുടങ്ങുമെന്നുള്ളതിൻെറ പേരിൽ 1958-ൽ തുടങ്ങിയതും നാലുലക്ഷത്തിൽപരം രൂപ മുടക്കിയതുമായ വെട്ടുവേലി സ്ലൂയിസ് ഇപ്പോൾ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നുവെന്നാണു് അധികൃതമായി അറിയാൻ കഴിഞ്ഞിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ഈ പദ്ധതി അംഗീകരിച്ചില്ലെങ്കിൽ ആദ്യം തുടങ്ങിയതും നാലുലക്ഷം രൂപ മുടക്കിയതുമായ പദ്ധതി പൂത്തിയാക്കുമോ ; അതല്ല ഈ പദ്ധതി തുടങ്ങുമെങ്കിൽ ഈ ചെലവുചെയ്ത സംഖ്യ പാഴാകാതിരിക്കാൻ (അവിടെ ഇപ്പോഴത്തന്നെ പാലത്തിനുള്ള കാലുകളെല്ലാം നാട്ടിക്കഴിഞ്ഞിരിക്കുകയാണു്) പാലംപണിക്കുടി ഈ പദ്ധതിയുടെ ഭാഗമായി അംഗീകരിക്കുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : ഈ പദ്ധതി അനുവദിക്കണമെന്നാണു് ഗവണ്മെൻറിൻെറ പ്രത്യാശ. അതിനാവശ്യമായ നടപടികളെടുക്കാം. മറേറതു് പരിശോധിച്ചു് നടപടിയെടുക്കാം.

ശ്രീ. എ. വി. ആര്യൻ : ചേറുവാ അഴിയിൽ ഡ്രെഡ്ജർ ഇല്ലാത്തതു കൊണ്ടു് ചെളി നീക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ടു് തൃശ്ശൂരിൽ സ്ഥിരമായ വെള്ളപ്പൊക്കം ഉണ്ടാകുന്നുണ്ടു്. അതിനെ സംബന്ധിച്ച നടപടികളെടുക്കുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : നടപടി എടുത്തുവരുന്നുണ്ടു്.

ശ്രീ. എ. വി. ആര്യൻ : ചേറുവാ അഴിമുഖത്തുള്ള നൂറോളം വീട്ടുകാർ താമസിക്കുന്ന തുരുത്തു് ദിവസേന ഇല്ലാതാകുന്നതു സംബന്ധിച്ചു് പല പ്രാവശ്യവും നിവേദനം നടത്തിയിട്ടുള്ളതാണു്. അടിയന്തിരമായി പണി നടത്തുമെന്നു് കഴിഞ്ഞ മാർച്ചുമാസത്തിൽ അസംബ്ലിയിൽ ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചിട്ടും ഇന്നുവരെ നടപടികളെടുക്കാതിരിക്കാൻ പ്രത്യേകമായി വല്ല കാരണവുമുണ്ടോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : ഒന്നാമതു് ഫണ്ടില്ലാത്തതുകൊണ്ടാണു്. രണ്ടാമതു് ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞു് എസ്റ്റിമേറു് തയ്യാറാക്കി നിയമാനുസരണം നടപടികളും നടത്തണമെന്നുള്ളതാണു്.

ശ്രീ. എ. വി. ആര്യൻ : ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞു എന്നാണു് കഴിഞ്ഞ മാർച്ചുമാസത്തിൽ മറുപടി തന്നിട്ടുള്ളതു്. ഇന്നുവരെയായിട്ടും നടപടിയെടുക്കാത്തതിൻെറ ഫലമായി നൂറോളം തെങ്ങുകളും നഷ്ടപ്പെട്ടിരിക്കുകയാണു്. അതുകൊണ്ടു് അടിയന്തിരമായും താൽക്കാലിക നടപടികളും സ്വീകരിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : താൽക്കാലിക നടപടികളും ഫലപ്രദമാണോ എന്നറിയില്ല. അതിനെപ്പററി പരിശോധിച്ചിട്ടു് ചെയ്യാം. അന്നു് നിയമസഭയിൽ പറഞ്ഞിട്ടുള്ളതു് പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞു എന്നാണു്. ഇനി ഡീറെയിൽഡ് ഇൻവെസ്റ്റിഗേഷൻ പൂത്തിയായിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. പി. ഗംഗാധരൻ : (എ) യുടെ ഉത്തരത്തിൽ ഇൻലാൻഡു വാട്ടർ ട്രാൻസ്പോർട്ടു് കമ്മിററിക്കു് സ്റേറു ഗവണ്മെൻറു് ഒരു മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടെന്നു പറയുന്നു. നമ്മുടെ ഗവണ്മെൻറിൻെറ വാട്ടർ ട്രാൻസ്പോർട്ടിൻെറ ഒരു റിപ്പോർട്ടു് ഉണ്ടു്. അതു നടപ്പിലാക്കുന്ന കാര്യത്തിൽ കേന്ദ്ര ഗവണ്മെൻറിൻെറ സഹായം ഉണ്ടാകുണമെന്നോ അല്ലെങ്കിൽ ഏതു വിധത്തിലുള്ള സഹായം നൽകാൻ കഴിയുമെന്നോ ഉള്ള കാര്യം മെമ്മോറാണ്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ : ഉൾക്കൊള്ളിച്ചിട്ടില്ലെങ്കിൽ ഉൾക്കൊള്ളിക്കാൻ ദയവുണ്ടാകുമോ?

ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ): ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം ഭഗത്കമ്മിററിയുടെ മുമ്പിൽ ഞാൻ നിവേദനം സമർപ്പിച്ചിട്ടുണ്ടു്. പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽത്തന്നെ ഇന്നുള്ള വള്ളങ്ങൾക്കു് വേണ്ട

LIBRARY ARCHIVES Kerala Legislative Assembly

സഹായങ്ങളും അതുപോലെതന്നെ അവക്കു് ചരക്കുകടം കിട്ടുന്ന ഏർപ്പാടുകളും തുടങ്ങിയവ ഉൾക്കൊള്ളുന്ന ഒരു സ്കീം തയ്യാറാക്കാൻ ഒരുങ്ങുന്നുണ്ടു്. അതിനു വളരെയധികം പണം വേണം. ഈ ആവശ്യത്തിനുവേണ്ടി കേന്ദ്ര ഗവണ്മെൻറിൻെറ സഹായം ഉണ്ടാകുന്നപക്ഷം തീർച്ചയായും ഇതു നടപ്പിലാക്കാൻ കഴിയുമെന്നാണു് കരുതുന്നതു്. അതിനുള്ള നടപടികളെടുത്തുകൊണ്ടിരിക്കുകയാണു്.

ശ്രീ. എ. പി. കുര്യൻ : അങ്കമാലി–മാഞ്ഞാലി തോടു് ഒരു പ്രധാനപ്പെട്ട നാവിഗേഷൻ സ്കീമാണു്. അതിൻെറ പ്രവൃത്തി ആരംഭിക്കുവാൻ നടപടിയായിട്ടുണ്ടോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : നടപടിയായിട്ടില്ല. പരിശോധനയിലിരിക്കുകയാണു്.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ : ഇൻലാൻഡു് നാവിഗേഷനുവേണ്ടിയുള്ള ഗവണ്മെൻറിൻെറ സ്കീമിൽ കൊടുങ്ങല്ലൂരുള്ള വിരുതോടു്, വേടിത്തോടു് ഇവ നാലഞ്ചു വർഷങ്ങളായി നാലഞ്ചു ലക്ഷത്തോളം രൂപ ചെലവുചെയ്തു് ലാൻഡു് അക്വിസിഷനെല്ലാം കഴിഞ്ഞതിനുശേഷം മുടങ്ങിക്കിടക്കുകയാണു്. ഇൻഡ്യാ ഗവണ്മെൻറിൻെറ അനുമതി ലഭിക്കാത്തതുകൊണ്ടാണു് പ്രവൃത്തി തുടങ്ങാത്തതെന്നു് ഇഞ്ചിനീയറന്മാരുമായി സംസാരിച്ചപ്പോൾ അറിയാൻ കഴിഞ്ഞു. ഈ പദ്ധതികളും ത്വരിതപ്പെടുത്താൻവേണ്ടി ഗവണ്മെൻറു് പ്രത്യേകമായി ശ്രദ്ധിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : അതും നിവേദനത്തിൽ ഉൾക്കൊള്ളുന്നുണ്ടു്. കഴിയുന്നതും വേഗം കേന്ദ്ര ഗവണ്മെൻറിൻെറ അനുവാദം കിട്ടാൻ ശ്രമിക്കാം,

ശ്രീ. ഇ. ജോൺജേക്കബ്ബു്: ഇൻലാൻഡു് വാട്ടർ ട്രാൻസ്പോർട്ടു് കമ്മിറ്റി ഇവിടെ വന്നപ്പോൾ നമ്മുടെ തോടുകളും കൂഴിക്കാൻ ഡ്രഡ്ജർ ആവശ്യമാണെന്ന കാര്യം അവരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: അവരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. ഇതു് വളരെ അത്യാവശ്യമാണെന്നുള്ളതു് ഒരു തത്വമാണു്.

ശ്രീ. ആർ. എസ്. ഉണ്ണി: ഇൻലാൻഡു് വാട്ടർ നാവിഗേഷനിൽ ഏറ്റവും പ്രാധാന്യപ്പെട്ട കൊല്ലം–തിരുവനന്തപുരം തോടിൽ മയ്യനാട് പ്രദേശത്തുള്ള ഭാഗം കടലാക്രമണത്തിനു വിധേയമായിക്കൊണ്ടിരിക്കുകയാണു്. വളരെ വേഗം ഈ തോടു് കടലിനടിയിൽ ആകുമെന്നുള്ള വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അടിയന്തിരമായ നടപടികളും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: പദ്ധതി മുഴുവൻ പൂർത്തിയാകുമ്പോൾ മാത്രമേ സ്ഥിരമായി ഇതിനൊരു പരിഹാരം കാണാൻ കഴിയൂ. അടിയന്തിരമായി നടപടികളെടുക്കേണ്ടതായ ചെറിയ പദ്ധതികളെ സംബന്ധിച്ചു് ഗവണ്മെൻറു് ആലോചിച്ചുവരുന്നുണ്ടു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: എഫു്. എ. സി. ടി. പ്രദേശത്തു് രണ്ടുമൂന്നു വർഷമായി നമ്മുടെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതും 65 ലക്ഷം രൂപയുടെ എസ്റ്റിമേറുള്ളതുമായ ഇരിമ്പനം–പുതുശ്ശേരി കനാൽ ഉപേക്ഷിക്കപ്പെടാൻ പോകുന്നു എന്നറിയുന്നതു ശരിയാണോ; അതോ അതുംകൂടി എടുത്തുകൊണ്ടുള്ള പദ്ധതിയാണോ അംഗീകരിച്ചിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: പുതിയ സ്കീം നടപ്പിലാകുമ്പോഴും ഈ പദ്ധതി ആവശ്യമായി വരികയില്ല എന്നാണ് സാങ്കേതിക വിദഗ്ദ്ധന്മാരുടെ റിപ്പോർട്ട്. ഈ പദ്ധതികൊണ്ട് മുഴുവൻ ഫലവും ഉണ്ടാകുമോ എന്നുള്ളതു് രണ്ടാമതു് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പരമമായ തീരുമാനം എടുത്തു കഴിഞ്ഞിട്ടില്ല.

ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ നിയമനം

* 218 [774] ശ്രീ. പി. എസ്സ്. ശ്രീനിവാസൻ:
,, എം. കെ. ദിവാകരൻ:
,, ടി. എ. മജീദ്:

താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗത മന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാതെയും, അപേക്ഷ ക്ഷണിക്കാതെയും ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നിയമനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രപേരെ;

(സി) ഇങ്ങനെ നിയമിക്കുന്നതിനുള്ള കാരണമെന്തു്;

(ഡി) ഇതേവരെ നിയമിക്കപ്പെട്ടിട്ടുള്ള ഡ്രൈവറന്മാരിലും കണ്ടക്ടർമാരിലും 240 ദിവസം പ്രതിവർഷം ജോലി ലഭിക്കാത്ത എത്ര പേരുണ്ടു്;

(ഇ) ഇതിൽ എത്രകാലംവരെ പഴക്കമുള്ളവർ ഉണ്ടു്;

(എഫ്) ഇവർക്കു് വേണ്ടത്ര ജോലി കൊടുക്കുവാൻ കഴിയാത്തതെന്തു്;

(ജി) കൂടുതൽ ബസ്സുകൾ ഇല്ലാത്തതാണു് കാരണമെങ്കിൽ ഇവർക്കു് പൂർണ്ണതോതിൽ ജോലി നൽകാൻ എത്ര ബസ്സുകൾ അധികമായി വേണ്ടിവരും ?

ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ):

(എ) ഉണ്ടു്.

(ബി) 243.

(സി) മുമ്പു് തിരഞ്ഞെടുത്തവരുടെ ലിസ്റ്റു് അവസാനിച്ചാൽ വീണ്ടും അപേക്ഷ ക്ഷണിക്കുകയും പുതിയ ലിസ്റ്റു് പൂർത്തിയാകുന്നതിനുള്ള ഇടവേളയിൽ അടിയന്തിരമായി ഉളവായ തസ്തികകളിൽ താൽക്കാലികമായ അടിസ്ഥാനത്തിൽ നിയമിക്കേണ്ടിവന്നതാണു്.

(ഡി) വ്യക്തമായി ഇപ്പോൾ പറയാൻ നിവൃത്തിയില്ല. വിശദവിവരം ശേഖരിച്ചുവരുന്നു.

(ഇ) ഈ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(എഫ്) വേണ്ടത്ര ജോലികൾ കൊടുക്കുന്നുണ്ടു്.

(ജി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാതെയും അപേക്ഷ ക്ഷണിക്കാതെയും 243 പേരെ നിയമിച്ചു എന്നു പറയുകയുണ്ടായി. അവരെ എംപ്ലോയ്മെന്റു് എക്സ്ചേഞ്ചു് മുഖേനയാണോ എടുത്തിട്ടുള്ളതു്?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: എംപ്ലോയ്മെന്റു് എക്സ്ചേഞ്ചു മുഖേനയല്ല. പ്രത്യേകമായി അപേക്ഷിച്ചിരുന്ന ആളുകളുടെ ലിസ്റ്റിൽനിന്നുമുള്ള ആളുകളെയാണു് നിയമിച്ചിരിക്കുന്നതു്.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: അപേക്ഷ അയച്ചിട്ടുള്ള ആളുകളിൽ നിന്നു് ഇഷ്ടംപോലെ നിയമിച്ചു എന്നാണോ പറയുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly